Malappuram District Police

## 01/11/2017 പെരിന്തൽമണ്ണ

ബസ്മാർഗം കടത്തുകയായിരുന്ന മൂന്നുകിലോഗ്രാം സ്വർണവും അരലക്ഷം രൂപയുമായി മാഹി സ്വദേശിയായ യുവാവ് പെരിന്തൽമണ്ണയിൽ അറസ്റ്റിൽ. ന്യൂമാഹി കുനിയിൽ രതീഷ് (40)നെയാണ് അറസ്റ്റുചെയ്തത്.

രഹസ്യ വിവരത്തെത്തുടർന്ന് അന്യ സംസ്ഥാനത്തുനിന്നുള്ള വാഹനങ്ങള് ജില്ലാ അതിർത്തികളില് പോലീസ് നിരീക്ഷിച്ചിരുന്നു. ചൊവ്വാഴ്ച പെരിന്തൽമണ്ണ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിൽനിന്നാണ് യുവാവിനെ പിടികൂടിയത്.

കാലിൽ പ്രത്യേക സോക്സിനുള്ളിൽ കെട്ടിവെച്ചനിലയിലായിരുന്നു സ്വർണക്കട്ടികൾ. പലതവണ ഇത്തരത്തില് സ്വർണക്കടത്ത് നടത്തിയതായി ചോദ്യംചെയ്യലിൽ പ്രതി പറഞ്ഞിട്ടുണ്ട്.

ഡിവൈ.എസ്.പി. എം.പി. മോഹനചന്ദ്രൻ, സി.ഐ. ടി.എസ്. ബിനു എസ്.ഐ. വി.കെ. കമറുദ്ദീൻ, എ.എസ്.ഐ. പി. മോഹൻദാസ് എന്നിവരടങ്ങുന്ന സംഘമാണ് പ്രതിയെ അറസ്റ്റുചെയ്തത്.